ഉച്ചഭക്ഷണസമയം . . . . സൺഡേസ്കൂൾ കഴിഞ്ഞ് എത്തിയതേയുള്ളൂ. പപ്പയും അമ്മയും അനിയത്തിയും ഡൈനിംഗ് ടേബിളിൽ, ഭക്ഷണത്തിനുമുൻപിൽ തയ്യാറായി. ഒരു കസേര മാത്രം ഒഴിഞ്ഞുകിടന്നു.

പപ്പ മുറിക്കകത്തേക്ക് നോക്കി നീട്ടിവിളിച്ചു. ''ആർഷൂ . . .''

കിടക്കയിൽ ചമ്രം പടഞ്ഞിരുന്ന് മടിയിൽ നിവർത്തി വെച്ച 'ഹാരി പോർട്ടറി'ൽ കണ്ണും നട്ടിരുന്ന ആർഷു വിളികേട്ടതു പോലുമില്ല.

''ആർഷൂ''

രണ്ടാമത്തെ വിളിയിൽ ശബ്ദം അല്പം കനത്തതുകൊണ്ട് മനസ്സില്ലാ മനസ്സോടെ ആർഷു ഡൈനിംഗ് ടേബിളിലേക്ക് വന്നു. 2001 ഓഗസ്റ്റ് 8ന് ജനിച്ച ഐസക്ക് കുമരംപറമ്പിൽ എന്ന 10 വയസുകാരന്റെ ദിവസങ്ങളിൽ പലപ്പോഴും ആവർത്തിക്കുന്ന രംഗം. ഭക്ഷണത്തെപ്പോലും രണ്ടാമതോ മൂന്നാമതോ സ്ഥാനം നല്കി വായനയും പുസ്തകവും പഠിത്തവും ഒന്നാം സ്ഥാനത്തു നിർത്തുന്നു ആർഷൽ ഐസക്ക് തോമസ് എന്നു സ്കൂളിൽ അറിയപ്പെടുന്ന ഈ മിടുക്കൻ.

അധ്യാപക ദമ്പതികളായ തോമസിന്റെയും ആൻസിയുടേയും സീമന്തപുത്രൻ. അനുജത്തി ഡാന തെരേസയുമായുള്ള കുസൃതി പോലും ആർഷുവിന് പിന്നീടാണ്.

കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെയും കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെയും സംയുക്താഭിമുഖ്യത്തിൽ നടന്ന ലോഗോസ് ക്വിസ് 2011 സംസ്ഥാനതല മത്സരത്തിൽ തലശ്ശേരി അതിരൂപതയെ പ്രതിനിധീകരിച്ച് 'A' വിഭാഗത്തിൽ ഒന്നാം സ്ഥാനം നേടി കഴിവ് തെളിയിച്ചു നില്ക്കുന്നു ഈ പ്രതിഭയുടെ നേട്ടങ്ങൾ. ലോഗോസ് ക്വിസ് A വിഭാഗത്തിൽ രജിസ്റ്റർ ചെയ്ത 1,05,054 പേരിൽ ഒന്നാമനാണ് ഐസക്. മാത്രമല്ല, 5 പ്രായവിഭാഗങ്ങളിലും ഒന്നാം സ്ഥാനത്തെത്തിയവർ മാറ്റുരച്ച ലോഗോസ് പ്രതിഭാ റൗണ്ടിൽ ഏറ്റവും ശ്രദ്ധേയനായതും ഈ 10 വയസ്സുകാരൻ തന്നെ.

4-ാം വയസ്സിൽ എഴുത്ത് പഠിച്ചുതുടങ്ങുന്ന കാലത്തു തുടങ്ങിയ പുസ്തകവുമായുള്ള ചങ്ങാത്തത്തിൽ 6 വർഷത്തിനുള്ളിൽ വായിച്ചുതീർത്ത പുസ്തകങ്ങൾ നിരവധി . . . ശാസ്ത്രം, സാഹിത്യം, മതം, യാത്രാവിവരണം, ഡിറ്റക്ടീവ്, ഫിക്ഷൻ, കാർട്ടൂൺ അങ്ങനെ വിഷയ വൈപുല്യത്തോടെയുള്ള ആർഷൽ ഐസക്കിന്റെ വായനാലോകം അതിവിശാലമാണ്.

തളിപ്പറമ്പിലെ സെന്റ് പോൾസ് ഇംഗ്ലീഷ് മീഡിയം സ്കൂളിലെ 5-ാം തരത്തിൽ പഠിക്കുന്ന ഈ മിടുക്കൻ പിന്നിട്ട ക്ലാസുകളിലെല്ലാം തന്നെ പഠനത്തിൽ ഒന്നാമതുതന്നെ. അതുപോലെ വേദികളിൽ പ്രസംഗത്തിലും ക്വിസ് മത്സരങ്ങളിലും ഒന്നാം സ്ഥാനത്തിൽ കുറഞ്ഞതൊന്നും ആർഷലിനു പരിചയമില്ല.

തലശ്ശേരി അതിരൂപതയിൽ പെട്ട തളിപ്പറമ്പ് സെന്റ് മേരീസ് ചർച്ച് ഇടവകയിലെ അംഗമായ ആർഷൽ ഐസക്കിന് ബൈബിളും അനുബന്ധ ബുക്കുകളും അതിലെ ഓരോ വിഷയവും സംഭവങ്ങളും മനഃപാഠമാണ്. സൺഡേസ്കൂളിൽ മികച്ച വിദ്യാർത്ഥിയായ ആർഷൽ ഐസക്ക് സ്കോളർഷിപ്പും നേടിയിട്ടുണ്ട്. കുടുംബപ്രാർത്ഥനകളിൽ വളരെ സജീവമാണ് ഈ മിടുക്കൻ.

ഇഷ്ട വിഷയം ഏതെന്നു ചോദിച്ചാൽ ആർഷൽ ഐസക്കിനു മറ്റൊന്നും ആലോചിക്കാനില്ല. ജിയോഗ്രഫിക്കലായ ഇൻവെൻഷൻസ്, രാജ്യങ്ങൾ, അവിടത്തെ വിശേഷങ്ങൾ എന്നിവയെക്കുറിച്ചറിയാൻ അതിയായ ആഗ്രഹവും കൗതുകവുമുണ്ട് ഈ പത്തു വയസ്സുകാരന്. തികഞ്ഞ പ്രകൃതിസ്നേഹി കൂടിയാണ് ഈ കുഞ്ഞുമിടുക്കൻ. വിവിധ ഭാഷകൾ പഠിക്കാനും തല്പരനാണ് ആർഷൽ.

കേവലം വായിച്ചറിയുക മാത്രമല്ല, അവ കുറിച്ചുവയ്ക്കാനും എപ്പോൾ ചോദിച്ചാലും, പറയുവാനും അവ ചോദിച്ചയാൾക്ക് മനസ്സിലാക്കത്തക്കവിധം വിവരിച്ചുനല്കാനും കഴിവുണ്ട് ഐസക്കിന്.

എസ്. കെ. പൊറ്റക്കാടിന്റെ സമ്പൂർണ്ണകൃതികൾ വളരെ ചുരുങ്ങിയ സമയംകൊണ്ട് വായിച്ചുതീർക്കുകയും തന്റെ കൊച്ചു യാത്രകൾ അതേ മാതൃകയിൽ കുറിച്ചുവയ്ക്കുകയും ചെയ്യാൻ ഈ പ്രതിഭ കാണിച്ച പ്രാഗൽഭ്യം ഏവരെയും അത്ഭുതപ്പെടുത്തിയിട്ടുണ്ട്. രാമായണം, മഹാഭാരതം, പഞ്ചതന്ത്രം കഥകൾ, ടാഗോറിന്റെ ബോയ്ഹുഡ് ഡെയ്സ്, സ്റ്റീഫൻ ആർകോവിയുടെ സെവൻ ഹാബിറ്റ്സ് ഓഫ് ഹൈലി ഇഫക്ടീവ് പീപ്പിൾ, ഗ്രെയ്റ്റ് സ്പീച്ചസ് തുടങ്ങിയവ വായിച്ചു തീർത്ത ചില ബുക്കുകളിൽ പെടുന്നു.

കുറുമാത്തൂർ ഗവ. വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിലെ സോഷ്യൽ സ്റ്റഡീസ് അധ്യാപകനാണ് പപ്പ തോമസ് ഐസക്. അമ്മ ആൻസി തോമസ് തളിപ്പറമ്പിലെ സ്വകാര്യ സ്കൂൾ അധ്യാപികയും. അനുജത്തി ഡാന തെരേസ് ഇനിയും സ്കൂളിൽ ചേരാനിരിക്കുന്നതേയുള്ളൂ.

എഴുത്തിലും ഭാഷയിലും പ്രായത്തിൽ കവിഞ്ഞ പക്വത പ്രകടിപ്പിക്കുന്ന ഈ പ്രതിഭ തീർച്ചയായും വരും നാളുകളിൽ വിജ്ഞാനത്തിന്റെ വിസ്മയലോകത്ത് തന്റേതായ ഒരിടം പിടിച്ചെടുക്കുമെന്നത് അവി

തർക്കിതമായ കാര്യമാണ്. മാതാപിതാക്കൾ ഏറ്റവും മികച്ച പ്രോത്സാഹനം നല്കി അതിലേക്ക് ഉയർത്തുകയാണ് ഐസക്ക് കുമരംപറമ്പിൽ എന്ന ആർഷലിനെ . . .

Arshel Isac Thomas
C/o Thomas Isac
Kumaramparambil House
Plathottam Road
Thaliparambu P.O., Kannur - 670141
Ph: 0460 204826, 9497297909